**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** **07-02-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ പ്രവർത്തന മികവിന് അവാർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ ഒ . ആർ. കേളു,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര മേഖലയിലെ പ്രവർത്തന മികവിന് 2022-ലെ ഇൻഡ്യ ടുഡേ അവാർഡ് സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ടോ; | (എ) | കോവിഡാനന്തരം ടൂറിസം മേഖലയിൽ നടത്തിയ മികച്ച പ്രവർത്തനത്തിന് ഇന്ത്യാ ടുഡേ ടൂറിസം മേഖലയിലെ ബെസ്റ്റ് പെർഫോമിംഗ് സംസ്ഥാനമായി കേരളത്തെ തെരഞ്ഞെടു ത്തിരുന്നു. 90.5 പോയിന്റ് നേടിയാണ് കേരളം ഇന്ത്യാ ടുഡേ സ്റ്റേറ്റ്സ് ഓഫ് സ്റ്റേറ്റ് സർവേയിൽ ടൂറിസം മേഖലയിൽ ഒന്നാമത് എത്തിയത്. കോവിഡ് ഘട്ടത്തിൽ തകർന്നു കിടക്കുകയായിരുന്ന ടൂറിസം മേഖലയെ തിരിച്ചുകൊണ്ടുവരുവാൻ കേരള ടൂറിസം നടത്തിയ പ്രവർത്തനങ്ങളെ ഇന്ത്യാ ടുഡേ എടുത്തുപറഞ്ഞു. കാരവൻ പോളിസി പ്രഖ്യാപിച്ച് കാരവൻ ടൂറിസവും കാരവൻ പാർക്കും സജ്ജമാക്കിയത് ടൂറിസത്തിന് കരുത്തേകി. ബയോഡൈവേഴ്സിറ്റി സർക്യൂട്ട്, ലിറ്ററി സർക്യൂട്ട് തുടങ്ങി നൂതന പദ്ധതികളിലൂടെ ടൂറിസം മേഖലയ്ക്ക് പുതിയ ഉണർവേകി എന്നും ഇന്ത്യാ ടുഡേ എടുത്തുപറയുന്നു. |
| (ബി) | സഞ്ചാരികളുടെ അഭിരുചികൾക്കനുസരിച്ച് സേവനങ്ങൾ നൽകുന്നതിന് വിനോദസഞ്ചാര വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സഞ്ചാരികളുടെ അഭിരുചികൾക്കനുസരിച്ച് ടൂറിസം അനുഭവവേദ്യമാക്കാനുള്ള പദ്ധതികളാണ് ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്നത്. കോവിഡാനന്തരം ലോക ടൂറിസം മേഖലയിലുണ്ടാകുന്ന ടെൻഡുകൾക്കനുസരിച്ച് കേരള ടൂറിസത്തെയും നയിക്കുകയാണ്. |

| | | | |
|---|---|---|---|
| | | | ആദ്യഘട്ടത്തിൽ സുരക്ഷിത ടൂറിസം എന്ന സന്ദേശം മുന്നോട്ട് വച്ച് ആഭ്യന്തര ടൂറിസത്തെ ആകർഷിച്ചു. ഇതിനായി കാരവൻ ടൂറിസം എന്ന പുതിയ ഉത്പന്നം രംഗത്തിറക്കി. വർക്കേഷൻ എന്ന ആശയം വ്യാപകമായപ്പോൾ വയനാട് കേന്ദ്രീകരിച്ച് പ്രത്യേക പ്രവർത്തനം നടത്തി. സഞ്ചാരികൾക്ക് അനുഭവവേദ്യ ടൂറിസത്തിന്റെ സാധ്യതകൾ കൂടിവരുന്ന ഘട്ടത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷനെ ശക്തിപ്പെടുത്തി സൊസൈറ്റിയാക്കി മികച്ച വെഡിംഗ് ഡെസ്റ്റിഷനായി കേരളം പേരെടുക്കുന്ന ഘട്ടത്തിൽ അതിനുള്ള പ്രവർത്തനങ്ങളും സജീവമാക്കി. ഈ തരത്തിൽ സഞ്ചാരികളുടെ അഭിരുചികളെ സാക്ഷാത്കരിക്കാൻ കേരള ടൂറിസം സജ്ജമാണ്. ഇതിനായി ആധുനിക സാങ്കേതിക വിദ്യയെ മികച്ച നിലയിൽ ഉപയോഗിക്കുകയാണ്. പ്രചരണ സംവിധാനങ്ങൾ ആധുനികവൽക്കരിച്ചു കഴിഞ്ഞു.<br><br>കേരളത്തെ അതിവേഗം കാര്യക്ഷമമായി അടുത്തറിയാൻ വിനോദസഞ്ചാരികൾക്ക് അവസരം ഒരുക്കുന്ന ടൂറിസം വകുപ്പിന്റെ വാട്സ് ആപ്പ് ചാറ്റ് ബോട്ട് സേവനമാണ് "**മായ**". 2022 മാർച്ച് മാസത്തിൽ സേവനം ആരംഭിച്ച "**മായ**" ഇതിനോടകം ഏകദേശം 2,50,000 ചാറ്റുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇൻഫർമേഷൻ കിയോസ്ക് വഴി വിരൽത്തുമ്പിലൂടെ വിവരങ്ങൾ അറിയാനുള്ള സംവിധാനവും വിനോദ സഞ്ചാരികൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. കേരള ടൂറിസത്തിനായി പരിഷ്കരിച്ച് മൊബൈൽ ആപ്പ് പുറത്തിറക്കിയിരുന്നു. അതോടൊപ്പം ടൂറിസം കേന്ദ്രങ്ങളെ അടുത്തറിയാനുള്ള വെർച്വൽ ഗൈഡും പുറത്തിറക്കി. |
| (സി) | വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനത്തിനാവശ്യമായ നൂതന ഉല്പന്നങ്ങൾക്കും പ്രവർത്തനങ്ങൾക്കും യു.എൻ.-ന് കീഴിലുള്ള വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ സഹായ വാഗ്ദാനം ലഭിച്ചിട്ടുണ്ടോ; | (സി) | സ്പെയിനിലെ മാഡ്രിഡിൽ നടന്ന ലോകത്തെ രണ്ടാമത്തെ വലിയ ടൂറിസം മേളയായ ഫിത്തൂർ 43-ാം പതിപ്പിൽ UNWTO ഏഷ്യൻ & പസഫിക് റീജിയണൽ ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ ഹാരി ഹ്വാങിന്റെ നേതൃത്വത്തിലുള്ള UNWTO പ്രതിനിധി സംഘവുമായി മന്ത്രി തല സംഘം |

| | | | |
|---|---|---|---|
| | | | നടത്തിയ ആശയ വിനിമയത്തിനിടെയാണ് വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ (UNWTO), സുപ്രധാന ആഗോള പരിപാടിക്ക് ആതിഥേയത്വം വഹിക്കുവാൻ കേരളം താൽപ്പര്യം പ്രകടിപ്പിച്ചത്. വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനത്തിനാവശ്യമായ നൂതന ഉത്പന്നങ്ങൾക്കും പ്രവർത്തനങ്ങൾക്കും ആവശ്യമായ സഹായം ലഭ്യമാക്കാമെന്ന് UNWTO വാഗ്ദാനം നൽകിയിട്ടുണ്ട്.<br><br>2023 അവസാന പാദത്തിൽ കൂടുതൽ ഏഷ്യൻ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി ശിൽപ്പശാല നടത്താമെന്നും UNWTO വാഗ്ദാനം ചെയ്തിട്ടുണ്ട്. കൂടാതെ "**ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികൾ 2022-23 ഗ്ലോബൽ ആർ.ടി സമ്മിറ്റ് 2023"** എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുമുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |
| (ഡി) | ടൂറിസം ആഗോള ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കാനുള്ള സന്നദ്ധത സംസ്ഥാന സർക്കാർ അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ? | (ഡി) | സ്പെയിനിലെ മാഡ്രിഡിൽ നടന്ന ലോകത്തെ രണ്ടാമത്തെ വലിയ ടൂറിസം മേളയായ ഫിത്തൂർ 43-ാം പതിപ്പിൽ UNWTO ഏഷ്യൻ & പസഫിക് റീജിയണൽ ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ ഹാരി ഹാങ്ങിന്റെ നേതൃത്വത്തിലുള്ള UNWTO പ്രതിനിധി സംഘവുമായി മന്ത്രി തല സംഘം നടത്തിയ ആശയ വിനിമയത്തിനിടെയാണ് വേൾഡ് ടൂറിസം ഓർഗനൈസേഷന്റെ (UNWTO), സുപ്രധാന ആഗോള പരിപാടിക്ക് ആതിഥേയത്വം വഹിക്കുവാൻ കേരളം താൽപ്പര്യം പ്രകടിപ്പിച്ചത്. വിനോദസഞ്ചാര മേഖലയുടെ സുസ്ഥിര വികസനത്തിനാവശ്യമായ നൂതന ഉത്പന്നങ്ങൾക്കും പ്രവർത്തനങ്ങൾക്കും ആവശ്യമായ സഹായം ലഭ്യമാക്കാമെന്ന് UNWTO വാഗ്ദാനം നൽകിയിട്ടുണ്ട്.<br><br>2023 അവസാന പാദത്തിൽ കൂടുതൽ ഏഷ്യൻ വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷി ക്കുന്നതിനായി ശിൽപ്പശാല നടത്താമെന്നും UNWTO വാഗ്ദാനം ചെയ്തിട്ടുണ്ട്. കൂടാതെ "**ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികൾ 2022-23 ഗ്ലോബൽ ആർ.ടി സമ്മിറ്റ് 2023"** എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുമുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- വർക്കിംഗ് ഗ്രൂപ്പ്- "ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികൾ 2022-23 ഗ്ലോബൽ ആർ.ടി സമ്മിറ്റ്-2023 " -ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.391/2022/TSM   തീയതി,തിരുവനന്തപുരം, 04-11-2022

---

പരാമർശം:-
1. 30-05-2019 തീയതിയിലെ സ.ഉ (കൈ) നം.03/2019/ടൂറിസം.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 06-10-2022 തീയതിയിലെ പി7-15409/2022 നമ്പർ കത്ത്.
3. 12-10-2022 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

"ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികൾ 2022-23 ഗ്ലോബൽ ആർ.ടി സമ്മിറ്റ്-2023 " - എന്ന പദ്ധതിയുടെ നടത്തിപ്പിനായി 1,46,50,000/- (ഒരു കോടി നാൽപ്പത്തിയാറ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

(2). 12-10-2022 ൽ ചേർന്ന വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പദ്ധതി പ്രൊപ്പോസൽ പരിശോധിക്കുകയും, ടി പദ്ധതിയ്ക്ക് ചുവടെ ചേർക്കുന്ന ഘടകങ്ങൾ പ്രകാരം നടപ്പാക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തു.

| Sl No | Particulars | | Amount (₹) |
|---|---|---|---|
| 1 | Programme Arrangements including venue, logistic, accommodating, related programs and arrangements | | ₹ 1,18,87,209.00 |
| | 1. LED Wall -20 ft x 10 ft + sub hall (2 nos) x 4 days (as per financial bid) | 1,26,000.00 | |
| | 2. Backdrop 20 ft x 10 ft 2 nos (as per financial bid) | 57,200.00 | |
| | 3. Welcome Display board (as per financial bid) Leg size :14 x 3ft x 3nos x 4sides | 1,44,144.00 | |
| | 4. Welcome standee 6x3 ft.- 8nos. print in korean cloth with metal frame (as per financial bid) | 20,000.00 | |

| | |
|---|---|
| 5. Sound console branding 8ftx 4ft print in korean cloth with metal frame (as per financial bid) x 2 nos. | 9,152.00 |
| 6. promotional boards 10 ft x 10 ft print in korean cloth with metal frame (as per financial bid) 15 nos. | 2,14,500.00 |
| 7. promotional boards 6 ft x 3 ft print in korean cloth with metal frame (as per financial bid) 15 nos. | 30,000.00 |
| 8. Generator (as per financial bid) | 2,40,000.00 |
| 9. platform for led wall 20 x 4ft -3 nos. (as per financial bid) | 21,600.00 |
| 10. Branded flags - 50 nos (as per financial bid) | 1,50,000.00 |
| 11. For arranging hall with lunch, tea and snacks, dinner 200 pax.- 4 days | 24,00,000.00 |
| 12. Light & sound arrangement + sub hall for<br><br>3 days. | 1,40,000.00 |
| 13. Participant Kit: Jute Bag, note pad with branding eco- friendly pen 200 nos. | 1,40,400.00 |
| 14. Flower arrangement, Boquets - 10 nos, inauguration arrangement setup with nilavilakku, pandemic protocol arrangements | 48,000.00 |
| 15. Hotel booking 10 premium rooms + 100 rooms double sharing x 4 nights | 34,00,000.00 |
| 16. Maravanthuruth/Kumarkom field visit arrangements floating stage + shikara cruise+culturals+ outdoor program area ambiance creation + light and sound | 7,75,000.00 |
| 17. Invitation + Booklet printing | 65,000.00 |
| 18. Erncee - 4days | 80,000.00 |
| 19. Event promoters - 6 nos - 5 days | 60,000.00 |
| 20. Transportation of guests ( 5 travellers 5 days) | 5,00,000.00 |
| 21. Stage monitor LED TV with Masking | 21,000.00 |
| 22. Culturals at main venue for 2 night with light and sound arrangements | 2,50,000.00 |
| 23. Agency Commission for Non financial bid items (15%) | 11,81,910.00 |
| Total | 1,00,73,906.00 |
| GST @ 18% | 18,13,303.00 |
| Grand total | 1,18,87,209.00 |

| | | |
|---|---|---|
| 2 | Documentation | ₹ 7,55,200.00 |
| 3 | Flight tickets | ₹ 20,00,000.00 |
| | Total | ₹ 1,46,42,409.00 |
| | Rupees one crore forty six lakhs forty two thousand four hundred and nine only | |

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികൾ 2022-23 ഗ്ലോബൽ ആർ.ടി സമ്മിറ്റ്-2023- എന്ന പദ്ധതി നടപ്പിലാക്കുന്നതിന് "3452-80-104-89-Responsible Tourism" എന്ന ശീർഷകത്തിൽ നിന്നും ജി.എസ്.റ്റി ഉൾപ്പെടെ ₹1,46,42,409/- (ഒരു കോടി നാൽപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി നാനൂറ്റിയൊൻപത് രൂപ) രൂപ ചെലവഴിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(4). പ്രസ്തുത പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന 12 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതും, പദ്ധതി നടത്തിപ്പിനായി പരാമർശ സർക്കാർ ഉത്തരവ് പ്രകാരമുള്ള എല്ലാ നിബന്ധനകളും നിർബന്ധമായും പാലിക്കേണ്ടതും പദ്ധതി ഇനങ്ങൾ നടപ്പാക്കിയ ശേഷമുള്ള വ്യക്തമായ രേഖകൾ സൂക്ഷിക്കേണ്ടതും, പദ്ധതി ചെലവ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇ സഹീദ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.

സ്റ്റേറ്റ് മിഷൻ കോ-ഓർഡിനേറ്റർ, ഉത്തരവാദിത്ത ടൂറിസം മിഷൻ, തിരുവനന്തപുരം

ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്,

പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം

ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്

പദ്ധതി നിർവ്വഹണ നിരീക്ഷണ വിലയിരുത്തൽ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sandhya T
Date: 04-11-2022 14:52:53
സെക്ഷൻ ഓഫീസർ

പകർപ്പ് :

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ്- വർക്കിംഗ് ഗ്രൂപ്പ്- "ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികൾ 2022-23 ഗ്ലോബൽ ആർ.ടി സമ്മിറ്റ്-2023 " -ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.391/2022/TSM തീയതി,തിരുവനന്തപുരം, 04-11-2022

---

പരാമർശം:-
1. 30-05-2019 തീയതിയിലെ സ.ഉ (കൈ) നം.03/2019/ടൂറിസം.
2. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 06-10-2022 തീയതിയിലെ പി7-15409/2022 നമ്പർ കത്ത്.
3. 12-10-2022 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

"ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികൾ 2022-23 ഗ്ലോബൽ ആർ.ടി സമ്മിറ്റ്-2023 " - എന്ന പദ്ധതിയുടെ നടത്തിപ്പിനായി 1,46,50,000/- (ഒരു കോടി നാൽപ്പത്തിയാറ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി.

(2). 12-10-2022 ൽ ചേർന്ന വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പദ്ധതി പ്രൊപ്പോസൽ പരിശോധിക്കുകയും, ടി പദ്ധതിയ്ക്ക് ചുവടെ ചേർക്കുന്ന ഘടകങ്ങൾ പ്രകാരം നടപ്പാക്കുന്നതിന് അംഗീകാരം നൽകുകയും ചെയ്തു.

| Sl No | Particulars | | Amount (₹) |
|---|---|---|---|
| 1 | Programme Arrangements including venue, logistic, accommodating, related programs and arrangements | | ₹ 1,18,87,209.00 |
| | 1. LED Wall -20 ft x 10 ft + sub hall (2 nos) x 4 days (as per financial bid) | 1,26,000.00 | |
| | 2. Backdrop 20 ft x 10 ft 2 nos (as per financial bid) | 57,200.00 | |
| | 3. Welcome Display board (as per financial bid) Leg size :14 x 3ft x 3nos x 4sides | 1,44,144.00 | |
| | 4. Welcome standee 6x3 ft.- 8nos. print in korean cloth with metal frame (as per financial bid) | 20,000.00 | |

| | |
|---|---|
| 5. Sound console branding 8ftx 4ft print in korean cloth with metal frame (as per financial bid) x 2 nos. | 9,152.00 |
| 6. promotional boards 10 ft x 10 ft print in korean cloth with metal frame (as per financial bid) 15 nos. | 2,14,500.00 |
| 7. promotional boards 6 ft x 3 ft print in korean cloth with metal frame (as per financial bid) 15 nos. | 30,000.00 |
| 8. Generator (as per financial bid) | 2,40,000.00 |
| 9. platform for led wall 20 x 4ft -3 nos. (as per financial bid) | 21,600.00 |
| 10. Branded flags - 50 nos (as per financial bid) | 1,50,000.00 |
| 11. For arranging hall with lunch, tea and snacks, dinner 200 pax.- 4 days | 24,00,000.00 |
| 12. Light & sound arrangement + sub hall for<br><br>3 days. | 1,40,000.00 |
| 13. Participant Kit: Jute Bag, note pad with branding eco- friendly pen 200 nos. | 1,40,400.00 |
| 14. Flower arrangement, Boquets - 10 nos, inauguration arrangement setup with nilavilakku, pandemic protocol arrangements | 48,000.00 |
| 15. Hotel booking 10 premium rooms + 100 rooms double sharing x 4 nights | 34,00,000.00 |
| 16. Maravanthuruth/Kumarkom field visit arrangements floating stage + shikara cruise+culturals+ outdoor program area ambiance creation + light and sound | 7,75,000.00 |
| 17. Invitation + Booklet printing | 65,000.00 |
| 18. Erncee - 4days | 80,000.00 |
| 19. Event promoters - 6 nos - 5 days | 60,000.00 |
| 20. Transportation of guests ( 5 travellers 5 days) | 5,00,000.00 |
| 21. Stage monitor LED TV with Masking | 21,000.00 |
| 22. Culturals at main venue for 2 night with light and sound arrangements | 2,50,000.00 |
| 23. Agency Commission for Non financial bid items (15%) | 11,81,910.00 |
| Total | 1,00,73,906.00 |
| GST @ 18% | 18,13,303.00 |
| Grand total | 1,18,87,209.00 |

| | | |
|---|---|---|
| 2 | Documentation | ₹ 7,55,200.00 |
| 3 | Flight tickets | ₹ 20,00,000.00 |
| | Total | ₹ 1,46,42,409.00 |

Rupees one crore forty six lakhs forty two thousand four hundred and nine only

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. "ഉത്തരവാദിത്ത ടൂറിസം മിഷൻ പദ്ധതികൾ 2022-23 ഗ്ലോബൽ ആർ.ടി സമ്മിറ്റ്-2023- എന്ന പദ്ധതി നടപ്പിലാക്കുന്നതിന് "3452-80-104-89-Responsible Tourism" എന്ന ശീർഷകത്തിൽ നിന്നും ജി.എസ്.റ്റി ഉൾപ്പെടെ ₹1,46,42,409/- (ഒരു കോടി നാൽപ്പത്തിയാറ് ലക്ഷത്തി നാൽപ്പത്തി രണ്ടായിരത്തി നാനൂറ്റിയൊൻപത് രൂപ) രൂപ ചെലവഴിക്കുന്നതിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(4). പ്രസ്തുത പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന 12 മാസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതും, പദ്ധതി നടത്തിപ്പിനായി പരാമർശ സർക്കാർ ഉത്തരവ് പ്രകാരമുള്ള എല്ലാ നിബന്ധനകളും നിർബന്ധമായും പാലിക്കേണ്ടതും പദ്ധതി ഇനങ്ങൾ നടപ്പാക്കിയ ശേഷമുള്ള വ്യക്തമായ രേഖകൾ സൂക്ഷിക്കേണ്ടതും, പദ്ധതി ചെലവ് ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഇ സഹീദ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.

സ്റ്റേറ്റ് മിഷൻ കോ-ഓർഡിനേറ്റർ, ഉത്തരവാദിത്ത ടൂറിസം മിഷൻ, തിരുവനന്തപുരം

ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്,

പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം

ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്

പദ്ധതി നിർവ്വഹണ നിരീക്ഷണ വിലയിരുത്തൽ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sandhya T
Date: 04-11-2022 14:52:53
സെക്ഷൻ ഓഫീസർ

പകർപ്പ് :

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിനോദസഞ്ചാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്.

വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ